നമ്പർ.ജി(1)16689/2012.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 14.08.2012.

E-mail : keralarcs@coop.kerala.gov.in
Website:www.cooperation.kerala.gov.in

## സർക്കുലർ നമ്പർ - 33 /2012

വിഷയം:– സഹകരണ വകുപ്പ് – **എന്റെ സംഘം** – സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള ക്യാമ്പയിൻ – കാലാവധി ദീർഘിപ്പിച്ചുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:– സഹകരണ സംഘം രജിസ്ട്രാറുടെ 31.03.2012 ലെ 12/2012 നമ്പർ സർക്കുലർ.

സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമമാക്കുന്നതോടൊപ്പം സംഘങ്ങളിലെ ഓരോ അംഗത്തേയും, അവർ അംഗങ്ങളായ സംഘത്തിന്റെ/ബാങ്കിലെ സജീവ പങ്കാളികളാകുകയെന്ന ലക്ഷ്യം മുൻനിർത്തി 2012 ഏപ്രിൽ 14 മുതൽ ആഗസ്റ്റ് 14 വരെ ''എന്റെ സംഘം'' എന്ന ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ക്യാമ്പയിന്റെ നടത്തിപ്പിനായി ജില്ലാ/താലൂക്ക് തല കമ്മിറ്റികൾ രൂപീകരിക്കാനും നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശാനുസരണം കമ്മിറ്റികൾ രൂപീകരിക്കുകയും ക്യാമ്പയിൻ നടപ്പിലാക്കി വരികയും ചെയ്തിട്ടുണ്ട്. ക്യാമ്പയിനിന്റെ പുരോഗതി അവലോകനം ചെയ്ത വേളയിൽ, ടി പദ്ധതി സഹകരണ മേഖലയ്ക്ക് പുത്തനുണർവ്വ് നൽകിയതായും എന്നാൽ ക്യാമ്പയിനിന്റെ ഭാഗമായുള്ള എല്ലാ പദ്ധതികളും സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിന് കുറച്ചു സമയം കൂടി ആവശ്യമാണെന്നും വിലയിരുത്തുകയുണ്ടായി. ടി സാഹചര്യത്തിൽ ''എന്റെ സംഘം'' ക്യാമ്പയിന്റെ കാലയളവ് **2012 ഡിസംബർ 31 വരെ** ദീർഘിപ്പിച്ചുകൊള്ളുന്നു. ഈ കാലയളവിൽ ക്യാമ്പയിനിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ/താലൂക്ക് തല കമ്മിറ്റികൾ നാളിതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്ത് റിപ്പോർട്ട് നൽകേണ്ടതും, കൂടുതൽ ശ്രദ്ധ നൽകേണ്ട പരിപാടികൾ ഏതൊക്കെയാണെന്ന് കണ്ടെത്തി പദ്ധതി ദീർഘിപ്പിച്ച കാലയളവിനുള്ളിൽ തന്നെ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്).